**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4509** **10-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളെ കേരള സാങ്കേതിക സർവകലാശാല അയോഗ്യരാക്കിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് സാഹചര്യത്താൽ സി.ഇ.ഇ. കേരള പ്രസിദ്ധീകരിച്ച ലാറ്ററൽ എൻട്രി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടില്ലെങ്കിലും ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ തുടരാം എന്ന് സ്വാശ്രയ കോളേജ് അധികൃതർ അറിയിച്ചതിനെ തുടർന്ന് അഡ്മിഷൻ നേടി പഠനം തുടർന്ന ഇരുന്നൂറ്റി മുപ്പതോളം വിദ്യാർത്ഥികളെ കേരള സാങ്കേതിക സർവകലാശാല അയോഗ്യരാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒരു കൊല്ലത്തോളം പഠനം തുടരുകയും മറ്റെല്ലാ യോഗ്യതയും ഉണ്ടായിട്ടും മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽ ഇല്ലെന്ന ഒറ്റ കാരണത്താൽ തുടർ പഠനം നിഷേധിക്കപ്പെടുകയും ചെയ്ത പാലക്കാട്, മങ്കര, കണ്ണംപരിയാരത്തെ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കോളേജിലെ ഏഴോളം വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ വിദ്യാഭ്യാസ ഭാവി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിലെ നിയമപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ പുറത്തിറക്കിയ പ്രോസ്പെക്ടസ്സ് അനുസരിച്ചാണ് ബി.ടെക്ക് ലാറ്ററൽ എൻട്രി അഡ്മിഷൻ നടത്തേണ്ടത്. എന്നാൽ ചില സ്വകാര്യ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾ പ്രവേശന പരീക്ഷാ കമ്മിഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ബി.ടെക് (ലാറ്ററൽ എൻട്രി) വിഭാഗത്തിൽ പ്രവേശനം നൽകി. പ്രോസ്പെക്ടസിന് വിരുദ്ധമായ ഇത്തരം അഡ്മിഷൻ സർവകലാശാല അംഗീകരിച്ചിട്ടില്ല. ഇതേ തുടർന്ന് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവുകൾ നേടിയതിന്റെ പശ്ചാത്തലത്തിൽ പ്രൊവിഷണൽ ആയി പരീക്ഷ എഴുതുകയും ചെയ്തു. എന്നാൽ 2021 ജൂലൈ 6-ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധി പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികൾ മാത്രമാണ് അഡ്മിഷന് യോഗ്യരായത്. ഹൈക്കോടതി അന്തിമ വിധിയുടെ പശ്ചാത്തലത്തിൽ അയോഗ്യ രാക്കപ്പെട്ട കുട്ടികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ